പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 2 04-02-2013-ൽ മറുപടിയ്ക്ക്

വിമൻസ് ഇൻവെസ്റ്റിഗേഷൻ ടീം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.എ. വാഹീദ്<br>ശ്രീ. പാലോട് രവി<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. സണ്ണി ജോസഫ് | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വിമൻസ് ഇൻവെസ്റ്റിഗേഷൻ ടീം രൂപവത്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണ്; | (എ) സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി എ.ഡി.ജി.പി. ഡോ. ബി. സന്ധ്യ, ഐ.പി.എസ്, മേധാവിയായി വനിതാ ഇൻവെസ്റ്റിഗേഷൻ ടീം (WIT) രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദമാക്കുമോ; | (ബി) പെൺവാണിഭം, ബലാത്സംഗം മുതലായ കുറ്റകൃത്യങ്ങളിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രമാദവും സർക്കാരോ സംസ്ഥാന പോലീസ് മേധാവിയോ ഏൽപ്പിക്കുന്നതുമായ കേസുകളുടെ അന്വേഷണവും തുടർനടപടികളും ഫലപ്രദവും കാര്യക്ഷമവുമായ രീതിയിൽ നടപ്പാക്കുക എന്നതാണ് വനിത ഇൻവെസ്റ്റിഗേഷൻ ടീമിന്റെ ഉദ്ദേശ്യലക്ഷ്യം.<br>ഇങ്ങനെ കേസന്വേഷിക്കേണ്ടിവരുമ്പോൾ ആവശ്യമായ പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ടീം മേധാവിയുടെ ആവശ്യപ്രകാരം ലഭ്യമാക്കുന്നതാണ്. പെൺവാണിഭം, ബലാത്സംഗം മുതലായ കുറ്റകൃത്യങ്ങളിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ അന്വേഷണവും തുടർനടപടികളും ഫലപ്രദമായി നടത്തുന്നുണ്ടോ എന്ന് ഈ ടീം അവലോകനം നടത്തുകയും സംസ്ഥാന പോലീസ് മേധാവിയ്ക്കും, സർക്കാരിനും റിപ്പോർട്ട് നൽകുകയും ചെയ്യുന്നതാണ്. ഇത്തരം കേസുകളിൽ കേസന്വേഷണം ത്വരിതഗതിയിലും ഫലപ്രദവുമാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകാൻ ഈ ടീമിന് അധികാരമുണ്ട്. ടീമിന് ആവശ്യമായ എല്ലാ സഹായങ്ങളും വനിതാ സെൽ എസ്.പി. നൽകിവരുന്നു. |

(സി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അക്രമങ്ങളെക്കുറിച്ച് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(സി) പെൺവാണിഭം, ബലാത്സംഗം മുതലായ കുറ്റകൃത്യങ്ങളിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ അന്വേഷണവും തുടർനടപടികളും ഫലപ്രദവും കാര്യക്ഷമവും ആക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുക, സർക്കാരോ സംസ്ഥാന പോലീസ് മേധാവിയോ ഏൽപ്പിക്കുന്ന ഇത്തരത്തിലുള്ള കേസുകൾ നേരിട്ടന്വേഷിക്കുക എന്നിവയാണ് വനിതാ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ ചുമതല.

സെക്ഷൻ ഓഫീസർ